# ആർഷസംസ്കാരത്തിനുനേരെ

(ഡോക്ടർ കെ, ഭാസ്കരൻനായർ)

**പൗരസ്ത്യവും പുരാതനവുമായ അദ്ധ്യാത്മഭൂമിയിൽ നാമ്പെട്ടത്ത യഹൂദ–ക്രൈസ്തവധർമ്മത്തിൻെറ ഉൽപ്പന്നമാണ് ഭൗതികവാദത്തിൽ അധിഷ്ഠിതമായ പാശ്ചാത്യസംസ്കാരമെന്നും, അതിൻെറ നേർവഴിക്കുള്ള പിൻതുടർച്ചയാണ് കമ്മ്യൂണിസമെന്നും ആണ് മുണ്ടശ്ശേരിയുടെ ധാരണയെന്ന് തോന്നുന്നു. അതുകൊണ്ടാണല്ലോ കത്തോലിക്കാ മതത്തിലും കമ്മ്യൂണിസത്തിലും ഒരുപോലെ ഉറച്ചുനിൽക്കുവാൻ ശ്രമിക്കുന്ന അദ്ദേഹത്തിന് അവയോട്ട് ഇത്രവലിയ മമതയും, ആർഷസംസ്കാരത്തോട്ട് അടങ്ങാത്ത ശത്രുതയും ഉണ്ടായിരിക്കുന്നത്.**

"മററു രാജ്യങ്ങളിലേക്ക് ഞാൻ വിനോദസഞ്ചാരിയായി പോയേക്കാം. പക്ഷേ ഇന്ത്യയിലേക്ക് തീർത്ഥാടകനായിട്ടാണ് വരുന്നത്."

യശഃശരീരനായ മാർട്ടിൻ ലൂതർകിങ്ങ് ഡൽഹിയിൽ വെച്ച് ഒരു സ്വീകരണത്തിന് മറുപടിയായി പറഞ്ഞ വാക്കുകളാണിവ. അമേരിക്കയിൽ ജനിച്ച് ക്രിസ്തുമതപുരോഹിതനായി പട്ടം കെട്ടി, രാഷ്ട്രീയപ്രക്ഷോഭണങ്ങളിലും മുഴുകിമറിഞ്ഞ, ആ നീഗ്രോജാതിക്കാരന് ഭാരതത്തോട്ട തോന്നിയ ബഹുമാനത്തിൻെറ ഒരംശംപോലും ശ്രീ. ജോസഫ് മുണ്ടശ്ശേരിക്ക് തൻെറ മാതൃഭൂമിയോട്ട തോന്നുന്നില്ല എന്നു കാണുന്നത് പരിതാപകരമായിരിക്കുന്നു. 1971 മേയ്മാസത്തിൽ, കോഴിക്കോട്ടുവെച്ച്, ഒരു സാംസ്കാരിക സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചുകൊണ്ട്, 'ആർഷസംസ്കാരം ഇന്ത്യയുടെ പുരോഗതിക്ക് തടസ്സമാണെ'ന്ന് അദ്ദേഹം പ്രസംഗിച്ചു.

## മുണ്ടശ്ശേരിയുടെ വാദം

ഇത്രനാളും ജാതിവ്യവസ്ഥയെക്കുറിച്ചായിരുന്നു ആക്ഷേപം. അതിനെ നിലനിർത്തുന്നത് ഹൈന്ദവധർമ്മമാണെന്നും ആ ധർമ്മത്തെ പൊളിച്ചെഴുതിയെങ്കിലേ ഇന്ത്യയ്ക്ക് രക്ഷയുള്ളു എന്നും ശ്രീ. മുണ്ടശ്ശേരി വാദിച്ചു. 1969–ൽ അദ്ദേഹം എഴുതിയതു നോക്കുക:

'ഈയൊരവസ്ഥ ഇന്ത്യയിലല്ലാതെ മറെറാരു രാജ്യത്തുമില്ല. തൊഴിലുകളുടെ ഉൽക്കർഷാപകർഷങ്ങളേയോ തൊലിയുടെ നിറഭേദങ്ങളേയോ ആസ്പദിച്ചുള്ള വെട്ടിത്തിരിവുകൾ ഉണ്ടാവുന്നില്ലെന്നില്ല. പക്ഷേ, അവയെല്ലാം സാമ്പത്തികവും സാംസ്കാരികവുമായ അഭിവൃദ്ധിയോട്ടുകൂടി തേഞ്ഞുമാഞ്ഞുപോകാവുന്നവയാണ്. അമേരിക്കയിലെ നീഗ്രോ വിവേചനംപോലും കാലാന്തരത്തിൽ നശിച്ചുപോകുമെന്നുവേണം വിചാരിക്കുക. മതഭേദങ്ങളുടെ പേരിൽ യൂറോപ്പിലും അമേരിക്കയിലും മററുമുള്ള വേറുക്കുറുകൾ വാസ്തവത്തിൽ ജാതികളേയും ഉപജാതികളേയും സൃഷ്ടിച്ച് നിലനിറുത്തുവാൻ പര്യാപ്തങ്ങളായിട്ടില്ല. ഇന്ത്യയിൽ ജാതികളും ഉപജാതികളുമെല്ലാം യാതൊരു തേമാനവും വരാതെ നിലനിന്നുപോരുന്നത് ഹൈന്ദവധർമ്മത്തിൻെറ കൊടിക്കീഴിലാണ്. ആ ധർമ്മത്തിൽതന്നെ ആ ജാതികൾക്കും ഉപജാതികൾക്കും വെവ്വേറെ നിദാനങ്ങളുണ്ട്. പരമാർത്ഥം പറയട്ടെ, ഹൈന്ദവധർമ്മം ആകപ്പാടെ ഒന്നു പൊളിച്ചെഴുതിയാലല്ലാതെ ജാതികളുടേയും ഉപജാതികളുടേയും വേരററുപോവുകയില്ല' (മഹാകവി മൂലൂർ ജന്മശതാബ്ദി സ്മാരക ഗ്രന്ഥം-1969).

മററു രാജ്യങ്ങളിൽ 'കാലാന്തരത്തിൽ' സംഭവിക്കുമെന്ന് പ്രതീക്ഷിക്കുന്ന പരിവർത്തനങ്ങളെ മുൻനിർത്തി അവിടെയുള്ള വർഗ്ഗവർണ്ണവിവേചനങ്ങൾ സഹിക്കുവാനും ക്ഷമിക്കുവാനും അദ്ദേഹം തയ്യാറാണ്. ഹിററ്ലറുടെ ജർമ്മനിയിൽ നടന്ന യഹൂദസംഹാരവും (പുരുഷന്മാരും സ്ത്രീകളും പിഞ്ചുകുഞ്ഞുങ്ങളുമടക്കം അറുപതുലക്ഷത്തെയാണ് നാത്സികൾ ഇരുട്ടറകളിലിട്ട് വിഷവാതകം പ്രയോഗിച്ച് പുകച്ചു കൊന്നത്), റഷ്യയിൽ ഇപ്പോഴും നിലവിലിരിക്കുന്ന യഹൂദവിവേചനവും, അദ്ദേഹം കാര്യമായി കരുതിയിട്ടില്ല എന്നു സ്പഷ്ടമാണ്. അതുകൊണ്ടാണല്ലോ അക്കാര്യം വിട്ടുകളഞ്ഞിരിക്കുന്നത്. ഇങ്ങിനെ കള്ളയുറക്കം ഉറങ്ങുന്നവരെ ഉണർത്തുവാൻ സാധിക്കുമോ?

## ഇപ്പോൾ ശ്രീകോവിലിൻെറ നേർക്കോ!

ഏതായാലും ഇതുവരെ ജാതിവ്യവസ്ഥ എന്ന നാലമ്പലത്തിൻെറ നേർക്കു നടത്തിയിരുന്ന ആക്രമണം ഇപ്പോൾ ശ്രീകോവിലിൻെറ നേർക്കുതന്നെ ലക്ഷ്യീകരിച്ചിരിക്കുകയാണെന്ന് കരുതേണ്ടിയിരിക്കുന്നു. സ്വതന്ത്ര, മതേതര, ജനാധിപത്യ, റിപ്പബ്ലിക്കായ ഇന്ത്യയിലല്ലാതെ മറെറാരു രാജ്യത്തും ജനസമുദായത്തിലെ മഹാഭൂരിപക്ഷത്തിൻെറ സംസ്കാരപാരമ്പര്യത്തെ ഇങ്ങിനെ കരുതിക്കൂട്ടി അവഹേളിക്കുവാൻ ഒരു ന്യൂനപക്ഷക്കാരൻ ധൈര്യപ്പെടുകയില്ല. സ്വാതന്ത്ര്യപ്രാപ്തിയെത്തുടർന്ന് ബോംബെയിൽ കൂടിയ ഒരു മതസമ്മേളനത്തിൽ, കേരളത്തിൽ ക്രിസ്തുമതത്തിനുണ്ടായ പ്രചാരത്തെക്കുറിച്ച് അനേകം പ്രസംഗങ്ങൾ നടക്കുകയും, അതേത്തുടർന്ന് ഈ സംസ്ഥാനത്തെ ക്രിസ്തുമതാനുയായികളെ അഭിനന്ദിച്ചുകൊണ്ടുള്ള ഒരു പ്രമേയം അവതരിപ്പിക്കുകയും ചെയ്തപ്പോൾ, സമ്മേളനാദ്ധ്യക്ഷനായിരുന്ന രാജാ സർ മഹാരാജ്സിങ്ങ് (രാജകുമാരി അമൃത്കൗറിൻെറ സഹോദരനായ അദ്ദേഹവും ഒരു ക്രിസ്ത്യാനിയായിരുന്നു) എഴുന്നേററ് 'കേരളത്തിലെ ഹിന്ദുക്കളെയാണ് ഞാൻ അഭിനന്ദിക്കുന്നത്. അവരുടെ അതുല്യമായ സഹിഷ്ണുതയാണ് ഈ പുരോഗതി സാദ്ധ്യമാക്കിയത്.' എന്നു പറഞ്ഞതോർക്കുന്നു.

ഇന്ത്യയിൽ മാത്രമല്ല, മററു രാജ്യങ്ങളിലും ഭിന്ന മതാവലംബികളായ ന്യൂനപക്ഷങ്ങളുണ്ട്. അവർക്ക് സുഖമായും സ്വതന്ത്രമായും ജീവിക്കുവാൻ സൗകര്യം ലഭിക്കുന്നുണ്ടെന്നും അതുകൊണ്ട് അവർ സന്തുഷ്ടരാണെന്നും വിശ്വസിക്കേണ്ടിയിരിക്കുന്നു. (പാക്കിസ്ഥാൻ മാത്രമേ ഇതിന്ന് ഒരു അപവാദമുള്ളു.) എന്നല്ല, അവർ സ്വന്തം ചുററുപാട്ടുകൾ മനസ്സിലാക്കി സ്വദേശസ്നേഹം പുലർത്തി ജന്മഭൂമിയുടെ സംസ്കാരത്തിൽ അഭിമാനമെന്നല്ല ആവേശവും വളർത്തി ജീവിക്കുവാനും ശ്രമിക്കുന്നു. ഇന്ത്യയിലാകട്ടെ ഹൈന്ദവധർമ്മത്തിനു നേരെയുള്ള കുരിശുയുദ്ധമാണ് നടക്കുന്നത്! റഷ്യയിൽ കസാക്സ്ഥാനിലുള്ള ഒരു ഇസ്ലാംമതക്കാരൻ കമ്മ്യൂണിസം രാജ്യത്തിൻെറ പുരോഗതിക്ക് തടസ്സമാണെന്നു പറഞ്ഞാൽ ആ ഭാഗ്യഹീനൻ പിന്നെ ഒരു നിമിഷം പോലും ജീവിച്ചിരിക്കുകയില്ല. ചൈനയിൽ "മാവോചിന്ത"കളെ അവഹേളിച്ചു സംസാരിക്കുന്നവൻെറ അനുഭവവും അതുതന്നെ.

## ഉദാസീനമനോഭാവം ആപത്ത്

ഇത് ഇന്നും ഇന്നലേയും തുടങ്ങിയതല്ലെന്നും, ഇത്തരം ജല്പനങ്ങളെ വിഗണിക്കുവാനുള്ള വിശാല മനസ്കതയാണ് ഹിന്ദുമതത്തിൻെറ യഥാർത്ഥ മഹത്വമെന്നും ഒരു അഭിപ്രായഗതിയുണ്ട്. മതസഹിഷ്ണുത എന്ന സങ്കല്പത്തെ വളരെയധികം വലിച്ചുനീട്ടുകയാണെങ്കിലും ഈ അഭിപ്രായത്തിൽ കുറച്ചൊരു സത്യം ഇല്ലാതില്ല. എന്നാലും ഈ ഉദാസീനമനോഭാവത്തിൽ ആപത്തുണ്ട്. മററു മതങ്ങളുടെ പേരുപറഞ്ഞ്, അവയുടെ പ്രാതിനിധ്യം വഹിച്ചുകൊണ്ടല്ല ഈ അവഹേളനങ്ങൾ നടക്കുന്നത്. ഹൈന്ദവധർമ്മത്തെ ഉപേക്ഷിച്ച് ക്രൈസ്തവധർമ്മത്തെയോ, ഇസ്ലാമികധർമ്മത്തേയോ, സ്വീകരിക്കണമെന്നുള്ള ആഹ്വാനവുമില്ല. പുരോഗതിയുടെ പേരിലും, യുക്തിവാദത്തിൻെറ പേരിലും സയൻസിൻെറ പേരിലും വിപ്ലവപ്രസ്ഥാനങ്ങളുടെ പേരിലും ആണ് ഇരുപതാംനൂററാണ്ടിലെ ഈ വിഗ്രഹഭഞ്ജകന്മാർ പോർവിളി നടത്തുന്നത്. അവശന്മാരെ ഉദ്ധരിക്കുവാനുള്ള എളുപ്പമാർഗ്ഗം ഹിന്ദുമതത്തെ ധ്വംസിക്കുകയാണെന്ന് തോന്നിപ്പോകും. അവശക്രിസ്ത്യാനികൾ സംഘടിക്കുകയും, അവശതകൾ പരിഹരിച്ചു കിട്ടുന്നതിനുവേണ്ടി പ്രത്യക്ഷസമരം നടത്തുകയും ചെയ്യുന്നുണ്ടെങ്കിലും, അവശന്മാരെ സൃഷ്ടിക്കുന്നത് ആർഷസംസ്കാരമാണെന്നാണ് ധ്വനിപ്പിക്കുന്നത്. ഈ രാജ്യത്തെ ധനലോഭികളും പിൻതിരിപ്പന്മാരും മുഴുവനും തനി ഹിന്ദുക്കളാണെന്നും തോന്നും. മുൻകിടയിൽ നില്ക്കുന്നു എന്നു പറയുന്ന രാജ്യങ്ങളിലെങ്ങും മതബോധമോ ആദ്ധ്യാത്മികപാരമ്പര്യങ്ങളോ ഇല്ല എന്ന പ്രതീതിയാണ് ജനിപ്പിക്കുവാൻ ശ്രമിക്കുന്നത്. അഥവാ ഉണ്ടെങ്കിൽ അതൊന്നും പുരോഗതിക്ക് തടസ്സമല്ല എന്നും. എന്തുകൊണ്ടാണ് ഇന്ത്യയിൽതന്നെയുള്ള മററു മതങ്ങളുടേയും അവയുടെ സംസ്കാരപാരമ്പര്യങ്ങളുടേയും കാര്യമൊന്നും ശ്രീ. മുണ്ടശ്ശേരി മിണ്ടാത്തത്? ഒരു മതാധിഷ്ഠിതരാജ്യമായ പാക്കിസ്ഥാനിൽ നടമാടുന്ന നരമേധത്തെപ്പററി

മനുജായുതങ്ങളെ
കുരുതിക്കളത്തിലെ
ബലിയാട്ടുകളാക്കി—
ത്തീർത്തോരാ മഹാപാപം
മാരകമദാന്ധത
ജീവനെ പന്താടിയ
ചോരതൻ മണം പൂണ്ട
നോവു മാ ദുരന്തമത്തെ
കർഷകലഹളയായ്
കാണുന്നു തിരുമേനി;
കർഷകക്കുററമിത്രം!
മാർക്സിൻെറയനുയായി!!
ഹാ മഹാ കവി നമ്മെ—
ചൂണ്ടിക്കാട്ടിയ ചിത്രം
തീരെയും മറഞ്ഞു വോ?
മറന്നോ സാവിത്രിയെ?*
വററാത്ത കണ്ണീർ വീണു—
നനയു മില്ലത്തിലെ
ഗദ്ഗദമിന്നും കേൾക്കാം
ശ്രദ്ധിച്ചാൽ മലബാറിൽ

x x x

കാലത്തിൻ പ്രവാഹത്തിൽ
മയങ്ങി ക്കിടക്കുന്ന
ഭീകരസ്മരണ ക—
ളുണർത്താൻ ശ്രമിക്കുമ്പോൾ
കരിയാൻ തുടങ്ങിയി—
ല്ലതിനു മുൻപേ വ്രണം
മുറിവേൽക്കുകയാണെ—
ന്നോർമ്മ വയ്ക്കണം നന്നായ്;
തിരുത്താൻ ശ്രമിക്കേണ്ട
ചരിത്ര മവയുടെ
കളങ്കം കളയുവാൻ
കഴിയില്ലൊരു നാളും
ആയിരം നൂററാണ്ടു ക—
ളിനിയും പിന്നിട്ടാലും
ആ നര നായാട്ടിൻെറ
ഓർമ്മകൾ നശിക്കില്ല
കാണട്ടെ ലോക മതിൻ
വൈരൂപ്യ മാർന്ന ചിത്രം
ചോരതൻ നനവാൻ—
ഭാവിയിലെന്നു മെന്നും
സഹിക്കാൻ കഴിയില്ലേ?
ദുർഗ്ഗന്ധ മതിൽനിന്നും
വമിക്കും രക്തത്തിൻെറ—
യെങ്കിലോ നമുക്കൊന്നായ്
കുഴിച്ചു മൂടാ മവ—
യെന്നന്നേക്കുമായ് ദൂരെ
ചികഞ്ഞു നോക്കേണ്ടിനി
നാറുമാ കുടീരത്തെ
മനുഷ്യ വൃകങ്ങൾ തൻ
രുധിര പിപാസതൻ
ചരിത്രം മറയ്ക്കാതെ
മറക്കാം സ്മരണകൾ

* ആശാൻെറ ദുരവസ്ഥ

Digitized by Kerala Sahitya Akademi

അദ്ദേഹം കേട്ടിട്ടില്ലെന്നു വരുമോ? അതോ, അതൊരു ആഭ്യന്തരകാര്യമെന്നു കരുതി നയതന്ത്രപരമായി വിട്ടുകളഞ്ഞതായിരിക്കുമോ?

## എന്താണ് ഋഷിമാർ ചെയ്ത ദ്രോഹം?

ഭ്രതരതത്ത്വഭ്രാന്തികൊണ്ട് അങ്കലിതുള്ളുന്ന ഈ വിപ്ലവപ്രസ്ഥാനക്കാരന്റെ ദൃഷ്ടിയിൽ ആർഷസംസ്കാരത്തിനുമാത്രം ഇത്രവളരെ പാതിത്യം വന്നത് എന്തുകൊണ്ടെന്നു മനസ്സിലാകുന്നില്ല. എന്താണ് ഹിന്ദുക്കൾ പവിത്രമായി കരുതുന്ന ഈ സംസ്കാരത്തിന്റെ ഉപജ്ഞാതാക്കളായ ഋഷിമാർ ചെയ്ത ദ്രോഹം? മറ്റു മനുഷ്യരെയെന്നല്ല, അന്നും ഇന്നും ചോദിക്കുവാൻ ആളില്ലാത്ത കാട്ടുമൃഗങ്ങളെപ്പോലും അവർ ഉപദ്രവിച്ചില്ല. ഒരു ജീവിയെയും ഉപദ്രവിക്കരുതെന്ന് ഉപദേശിക്കുകയും ചെയ്തു. മദ്ധ്യപൂർവ്വദേശത്തുണ്ടായ മതങ്ങളെയും, ആധുനികകാലത്ത്, പരിഷ്കാരവും പുരോഗതിയും മാനുഷികമൂല്യങ്ങളും വിളയുന്ന യൂറോപ്പിലുണ്ടായ ഭൗതികമതങ്ങളായ കമ്മ്യൂണിസത്തെയും നാത്സിസത്തെയും, പോലെ ഒരു വിശ്വാസപ്രമാണം ചോദ്യം ചെയ്തുകൂടാത്ത സത്യമാണെന്നും, അതുമാത്രമേ സത്യമായിട്ടുള്ളു എന്നും, അതിന്റെ പേരിൽ മററു അഭിപ്രായങ്ങളെയും ചിന്താരീതികളെയും അടിച്ചമർത്തേണ്ടതാണെന്നും അവർ വാദിച്ചില്ല. അവരിൽ ഏററവും മഹാനെന്ന് ഭഗവദ്ഗീതതന്നെ നിർവ്വചിക്കുന്ന സാക്ഷാൽ കൃഷ്ണദ്വൈപായനനായ വ്യാസനാണ് മൂന്നു നാല് സഹസ്രാബ്ദങ്ങളായി ഭാരതഭൂമിയിലെ ജനങ്ങൾക്ക് ആചാര്യനായി നില്ക്കുന്നത്. മുണ്ടശ്ശേരിയുടെ മനസ്സിന്നു പിടികിട്ടാത്ത ആദ്ധ്യാത്മികവിഷയങ്ങളിൽമാത്രമല്ല; ദൈനംദിന ജീവിതത്തിലെ ചെറുകാര്യങ്ങളിൽപോലും, രാജ്യംഭരിക്കേണ്ടതും കുടുംബം പുലർത്തേണ്ടതും, അത്യാവശ്യമെന്നുകണ്ടാൽ യുദ്ധം ചെയ്യേണ്ടതും, ധർമ്മത്തെരക്ഷിക്കുന്നതിന്ന്, വേണ്ടിവന്നാൽ, ദുഷ്കർമ്മംചെയ്യുന്നവരെ നിഗ്രഹിക്കേണ്ടതും, തിന്നേണ്ടതും കുടിക്കേണ്ടതും ഇരിക്കേണ്ടതും നടക്കേണ്ടതും, എന്നുവേണ്ട ഏതു ജീവിതകൃത്യവും ചെയ്യേണ്ടത് എങ്ങിനെയെന്ന് ആ മഹാപുരുഷൻ അത്യഗാധമായ മനുഷ്യഹൃദയജ്ഞാനത്തോടുകൂടി ഉപദേശിച്ചിട്ടുണ്ട്. 'അല്പാക്ഷരമസന്ദിഗ്ദ്ധം' എന്ന മട്ടിലുള്ള സൂത്രവാക്യങ്ങളിലല്ല അദ്ദേഹം ഇതെല്ലാം എഴുതിവെച്ചത്. നിരൂപണവിചക്ഷണനെന്നഭിമാനിക്കുന്ന മുണ്ടശ്ശേരിക്ക് സമ്മതമാകുന്ന ഒന്നാന്തരം സാഹിത്യത്തിലാണ്.

**ഹിന്ദുക്കളുടെ ശത്രുക്കൾ വിദേശീയരല്ല. ക്ഷുദ്രമായ ലോഭമോഹങ്ങൾക്ക് വശംവദരായി, ഓരോരോ കാലത്ത്, പൂർവാർജ്ജിത സംസ്കാരത്തേയും ഭാരതീയപാരമ്പര്യങ്ങളേയും കൈവെടിഞ്ഞ് വൈദേശികധർമ്മങ്ങളെ ആശ്ലേഷിച്ച സ്വന്തം നാട്ടുകാരാണ്.**

## മന്ദബുദ്ധിയോ, അശ്മഹൃദയനോ?

ഈ സംസ്കാരം ആഢ്യന്മാരെയും അഭിജ്ഞന്മാരെയും മാത്രമല്ല വശീകരിച്ചത്. സമുദായശ്രേണിയുടെ താഴേയററത്തെ പടികൾവരെ അതിന്റെ അഭിപ്രസരം വ്യാപിച്ചു. മുക്കുവത്തിയുടെ മകനായിപ്പിറന്ന ഈ മഹർഷിവര്യൻ പതിനെട്ടു പുരാണങ്ങളിൽ പരത്തിപ്പറഞ്ഞതിന്റെ സാരസർവ്വസ്വം എന്തെന്ന് മുണ്ടശ്ശേരിയും കേട്ടിട്ടുള്ളതാണ്.

പരോപകാരമേ പുണ്യം
പാപമേ പരപീഡനം;

ഇത് മനസ്സിലാകാത്തവൻ ഒന്നുകിൽ മന്ദബുദ്ധിയായിരിക്കണം. അല്ലെങ്കിൽ കണ്ണിൽ ചോരയില്ലാത്ത അശ്മഹൃദയൻ. ഇതിനെ ബഹുമാനിക്കാത്തവർ മനുഷ്യനല്ല. കുഞ്ഞേ എന്നും മകനേ എന്നും പ്രാണസുഹൃത്തേ എന്നും വിളിച്ച് വാത്സല്യാമൃതത്താൽ അഭിഷേകം ചെയ്തുകൊണ്ട് ഗീത മുഴുവനും ഉപദേശിച്ചുകൊടുത്തശേഷം അവതാരപുരുഷനായ ശ്രീകൃഷ്ണനെക്കൊണ്ട് ഈ വ്യാസൻ അർജ്ജുനനോട് പറയിക്കുന്നതെന്താണ്.

ഇതി തേ ജ്ഞാന മാഖ്യാതം
ഗുഹ്യാദ് ഗുഹ്യതരം മയാ;
വിമൃശ്യൈത ദേ ശേഷേണ
യഥേച്ഛസി തഥാ കുരു.

(ഇങ്ങനെ രഹസ്യങ്ങളിൽവെച്ച് അതിരഹസ്യമായ ജ്ഞാനത്തെ ഞാൻ നിനക്ക് ഉപദേശിച്ചുതന്നു. അതിനെ പൂർണ്ണമായി വിമർശിച്ചുനോക്കി എപ്രകാരം നീ ഇച്ഛിക്കുന്നുവോ അപ്രകാരം പ്രവർത്തിക്കുക.)

## വിവരമുള്ളവരാരും വെട്ടിവിഴുങ്ങുകയില്ല

ഈ സംസ്കാരമാണ് ഇന്ത്യയുടെ പുരോഗതിക്ക് വിഘാതമെന്ന് കോഴിക്കോട്ടുവെച്ച് മുണ്ടശ്ശേരി പ്രസംഗിച്ചത്! വിപ്ലവക്കാരുടെ ഇടയ്ക്കുനിന്ന്, തല്ക്കാലത്തെ ആവേശലഹരിയിൽ മതിമറന്ന്, തനിക്കുമാത്രമല്ല തങ്ങളുടെ പ്രസ്ഥാനത്തിനും കൊഴുപ്പുകൂട്ടാൻവേണ്ടി ചെയ്ത അട്ടഹാസമായിരുന്നില്ലേ അതെന്ന് സംശയംതോന്നുന്നു. പുരോഗതിക്ക് തടസ്സമെന്നു പറഞ്ഞ് ഹിന്ദുജനതയുടെ സംസ്കാരത്തെ പൊളിച്ചെഴുതുകയോ, പൊളിച്ചുകളയുകയോ, ചെയ്താൽ അതിനുപകരം എന്താണ് കൊണ്ടുവരാൻ പോകുന്നതെന്ന് അദ്ദേഹം വിസ്തരിച്ചുവോ എന്നറിയുന്നില്ല. വിസ്തരിച്ചാലും ഇല്ലെങ്കിലും എന്താണ് അദ്ദേഹത്തിന്റെ ആശയമെന്ന് നമുക്ക് ഊഹിക്കാവുന്നതേയുള്ളു. മാനുഷികമൂല്യങ്ങൾ, ശാസ്ത്രീയവീക്ഷണം, പാശ്ചാത്യരാജ്യങ്ങളിലെ സാമൂഹികക്രമം, ടെക്നോളജി, വ്യവസായം, വിഭവസമൃദ്ധി, എന്നീ മഹാനുഗ്രഹങ്ങൾ ആദ്യം, അടുത്തപടിയായി തൊഴിലാളിഭരണം, ഇഷ്ടമില്ലാത്തവരുടെ കൂട്ടക്കൊല, പട്ടാളച്ചിട്ട, കൾച്ചറൽ റെവല്യൂഷൻ, മവോചിന്തകളുടെ കോടീയച്ചന, ഭൂമിയിലെ സ്വർഗ്ഗസൃഷ്ടി! ഇതൊക്കെ മൈതാനപ്രസംഗങ്ങളിലും, തൊഴിലാളിയോഗങ്ങളിലും, രഹസ്യമായി നടത്തുന്ന സ്റ്റഡിക്ലാസ്സുകളിലും ചെലവാകുന്ന ചരക്കുകളാണെങ്കിലും, ഇന്നത്തെ കാലത്ത് ലോകഗതി കണ്ടുകൊണ്ടിരിക്കുന്ന വിവരമുള്ള ജനങ്ങളാരും ഇതൊന്നും അത്ര എളുപ്പത്തിൽ വെട്ടിവിഴുങ്ങുകയില്ല

## പ്രകൃതിയെ കീഴടക്കാനുള്ള വ്യാമോഹംകൈവെടിയുന്നു

വ്യവസായവുംവേണ്ട, ടെക്നോളജിയും വേണ്ട, സയൻസുപോലും വേണ്ട; ശുദ്ധവായുശ്വസിച്ചും ശുദ്ധജലം കുടിച്ചും സ്വൈരമായി ജീവിച്ചാൽമതി എന്ന് ആധുനികപരിഷ്കാരത്തിന്റെ മുൻപന്തിയിൽ നില്ക്കുന്ന രാജ്യങ്ങളിലെ ജനങ്ങൾ മുറവിളികൂട്ടുകയാണ്. ഭൂമുഖത്തെ മണ്ണും പുഴകളും തടാകങ്ങളും, മഹാസമുദ്രങ്ങൾപോലും, പുത്തൻപരിഷ്കാരത്തിന്റെ മുന്നേററം മൂലമുണ്ടാകുന്ന വ്യവസായ വിഷങ്ങൾകലന്ന് അപായകരമാംവണ്ണം ദൂഷിച്ചു കഴിഞ്ഞിരിക്കുന്നു. ജപ്പാനിൽ (അമേരിക്കയെപ്പോലും കവച്ചുവെയ്ക്കാൻതുടങ്ങുന്ന വ്യവസായരാഷ്ട്രം!) അമ്മമാരുടെ മുലപ്പാലിൽപോലും ഈ വിഷങ്ങൾ കലർന്നിട്ടുള്ളതായി കണ്ടിരിക്കുന്നുവത്രെ. അന്തരീക്ഷത്തിൽ പ്രാണവായുവിന്റെ അനുപാതം അതിശീഘ്രം കുറയുകയാണെന്ന് ശാസ്ത്രജ്ഞന്മാരുടെ കണക്കുകൾ തെളിയിക്കുന്നു. ഇതാണ് ടെക്നോളജിയുടെ ആരാധകനായ ആധുനിക മനുഷ്യൻ സൃഷ്ടിച്ച 'അനാർഷ' മായ സംസ്കാരത്തിന്റെ സഞ്ചിതഫലം. പ്രകൃതിയെ കീഴടക്കി ഭൂമിയിൽ സ്വർഗ്ഗം സൃഷ്ടിക്കാമെന്ന വ്യാമോഹം കൈവെടിയുവാൻ അവൻ നിർബ്ബന്ധിതനായിരിക്കുന്നു. കീഴടക്കുന്ന കാര്യം പോകട്ടെ, പ്രകൃതിയോട് പിണങ്ങിക്കഴിയുവാൻതന്നെയും ഒരു ജീവിക്കും സാധ്യമല്ലെന്നാണ് തെളിഞ്ഞിരിക്കുന്നത്.

ലോകഗതി വിചിത്രമാണ്. സ്വന്തം നാട്ടിൽ സുഖമായി ജീവിക്കുവാൻ സൗകര്യമുള്ള പാശ്ചാത്യരായ യുവജനങ്ങൾ കുറേ നാളത്തേയ്ക്കെങ്കിലും അതെല്ലാം ഉപേക്ഷിച്ച്, മുടിയും വളർത്തി മാലകളും അണിഞ്ഞ്, കാക്കാലന്മാരുടെ വേഷത്തിൽ, നനയ്ക്കാതേയും കുളിയ്ക്കാതേയും, കഞ്ചാവിന്റെ ലഹരിയിൽ മയങ്ങി പരസ്യമായി കാമകേളികൾ നടത്തിക്കൊണ്ടും, ഇടയ്ക്കിടെ 'ഹരേ രാമ, ഹരേ രാമ' എന്ന് നാമം ജപിച്ചുകൊണ്ടും, ഇന്ത്യയിലെ തെരുവീഥികളിൽ അലഞ്ഞുനടക്കുമെന്ന് പത്തു വർഷം മുമ്പ് ആരെങ്കിലും സ്വപ്നത്തിൽപോലും സങ്കല്പിച്ചിരിക്കുമോ? പക്ഷേ ഇന്ന് അത് കൺമുമ്പിൽ കാണുന്ന പരമാർത്ഥമായിരിക്കുന്നു. ഇവർ ആർഷസംസ്കാരത്തിന്റെ ആരാധകന്മാരാണെന്നൊന്നും തെററിദ്ധരിച്ചു പറയുകയല്ല. പുരോഗതിമൂലം അന്യരാജ്യക്കാർക്കുണ്ടായിരിക്കുന്ന ഗതികേട് ചൂണ്ടിക്കാണിക്കുകയാണ്.

## ഹൈന്ദവജനതയുടെ ശത്രുക്കൾ ആരാണ്?

ഇത്തരം പുരോഗതി കൈവരുത്തുന്നതിനാണ് ആർഷസംസ്കാരം തടസ്സമായി നില്ക്കുന്നതെങ്കിൽ, അതിൽ സന്തോഷത്തിനേ വകയുള്ളു. പക്ഷേ, അതൊന്നും മുണ്ടശ്ശേരി ആലോചിച്ചുകാണുകയില്ല. ഹിന്ദുക്കളുടെ, ഇന്ത്യയുടെ, സംസ്കാരം നശിച്ചുകണ്ടാൽ കൊള്ളാമെന്നുള്ള ആഗ്രഹമാണെന്നും, അതിനേക്കാൾ കേങ്കേമമായ പുത്തൻ ചരക്കുകൾ ഉണ്ടെന്നും അദ്ദേഹം വ്യാമോഹിക്കുന്നു. പൗരസ്ത്യവും പുരാതനവുമായ അദ്ധ്യാത്മഭൂമിയിൽ നാമ്പെടുത്ത യഹൂദ-ക്രൈസ്തവധർമ്മത്തിന്റെ ഉൽപന്നമാണ് ഭൗതികവാദത്തിൽ അധിഷ്ഠിതമായ പാശ്ചാത്യസംസ്കാരമെന്നും, അതിന്റെ നേർവഴിക്കുള്ള പിൻതുടർച്ചയാണ് കമ്മ്യൂണിസമെന്നും ആണ് മുണ്ടശ്ശേരിയുടെ ധാരണയെന്നു തോന്നുന്നു. അതുകൊണ്ടാണല്ലോ കത്തോലിക്കാമതത്തിലും കമ്മ്യൂണിസത്തിലും ഒരുപോലെ ഊന്നിനില്ക്കുവാൻ ശ്രമിക്കുന്ന അദ്ദേഹത്തിന്ന് അവയോട് ഇത്രവലിയ മമതയും, ആർഷ സംസ്കാരത്തോട് അടങ്ങാത്ത ശത്രുതയും ഉണ്ടായിരിക്കുന്നത്. അവയ്ക്ക് ഇപ്പോൾതന്നെ സാരമായ സ്വാധീനം ഈ രാജ്യത്ത് സിദ്ധിച്ചിട്ടുണ്ട്, എങ്കിലും ആർഷസംസ്കാരത്തിന്റെ സഹസ്രകവചം ഭേദിക്കാതെ പൂർണ്ണവിജയം കൈവരുകയില്ലെന്ന് അദ്ദേഹത്തിനറിയാം. അതിനുവേണ്ടിയുള്ള യത്നമാണ് ഇപ്പോൾ തുടങ്ങിയിരിക്കുന്നത്. ഈ വസ്തുത ഹൈന്ദവജനത മനസ്സിലാക്കണം. അവരുടെ ശത്രുക്കൾ വിദേശീയരല്ല. ക്ഷുദ്രമായ ലോഭമോഹങ്ങൾക്ക് വശംവദരായി, ഓരോരോ കാലത്ത്, പൂർവാർജ്ജിത സംസ്കാരത്തേയും ഭാരതീയ പാരമ്പര്യങ്ങളേയും കൈവെടിഞ്ഞ് വൈദേശികധർമ്മങ്ങളെ ആശ്ലേഷിച്ച സ്വന്തം നാട്ടുകാരാണ്. അവരിൽനിന്ന് ഉടലെടുത്തതും, വർഗ്ഗസ്മരണകളോ രാജ്യസ്നേഹമോ ഇല്ലാത്തതും, തരംകിട്ടിയാൽ പാരവെയ്ക്കുന്നതുമായ പുത്തൻ പാരമ്പര്യത്തിൽ വളരുന്നവരെ 'ക്രുദ്ധനാം സർപ്പത്തേക്കാളേററവും പേടിക്കേണം.'

— o —

ആവശ്യപ്പെടുക:
**കൃഷ്ണാകാഫി**
മാർക്കററ് റോഡ്, പാലക്കാട്.

Digitized by Kerala Sahitya Akademi